ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.09.2026**

## പ്രധാനവാർത്തകൾ

1. സർജിക്കൽ സ്ട്രൈക്കിന് 10 വർഷം, ഭീകരതയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നയമാണ് ഇന്ത്യക്കെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിലെ സൗരോർജ പ്ലാന്റിന്റെയും കാർഗോ കോംപ്ലക്സിന്റെയും ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിച്ചു.

3. പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം അടുത്ത മാസം 12 മുതൽ 29 വരെ നടക്കും.

4. ഇന്ന് മുതൽ നടത്താനിരുന്ന മൂന്ന് ദിവസത്തെ രാജ്യവ്യാപക ബാങ്ക് പണിമുടക്ക് മാറ്റിവെച്ചു.

5. സംസ്ഥാനത്ത് 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതെരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് പുരോഗമിക്കുന്നു.

6. 2026 ഏഷ്യൻ ഗെയിംസിൽ, ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീം സെമി ഫൈനലിൽ പ്രവേശിച്ചു.

&&&&&&&&&&&&&&&&

RNU TVPM

## സർജിക്കൽ സ്ട്രൈക്ക് - 10 വർഷം

പാകിസ്ഥാൻ അധിനിവേശ കാശ്മീരിലെ ഭീകരകേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യൻ സൈന്യം നടപ്പാക്കിയ ചരിത്രപ്രധാനമായ സർജിക്കൽ സ്ട്രൈക്കിന് 10 വർഷം. 19 ഇന്ത്യൻ ജവാന്മാർ വീരമൃത്യു വരിച്ച ഉറി ഭീകരാക്രമണത്തിന് മറുപടിയായി 2016 സെപ്റ്റംബർ 28-29 തീയതികളിലാണ് സൈന്യം ഈ ആക്രമണം നടത്തിയത്. ഇന്ത്യ അതിർത്തി കടന്ന് നടത്തിയ ഈ ആക്രമണം ഭീകരതയ്ക്കെതിരെയുള്ള പോരാട്ടത്തിൽ നിർണ്ണായക വഴിത്തിരിവായിരുന്നുവെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഭീകരതയോട് രാജ്യം ഇപ്പോൾ വിട്ടുവീഴ്ച ഇല്ലാത്ത നയമാണ് സ്വീകരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&

## മുഖ്യമന്ത്രി

പുനരുപയോഗ ഊർജോല്പാദനം വർധിപ്പിക്കണം എന്നതാണ് ഗവൺമെന്റ് തീരുമാനം എന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിലെ സൗരോർജ പ്ലാന്റിന്റെയും കാർഗോ കോംപ്ലക്സിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. സൗരോർജ്ജ സ്റ്റോറേജ് സൗകര്യത്തോടെ ഉൽപാദനം നാലിരട്ടിയായി വർദ്ധിപ്പിക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണ്ണൂർ വിമാനത്താവളത്തിന്റെ സമഗ്ര വികസനത്തിന് ഒരു വർഷത്തിനകം പദ്ധതി നടപ്പാക്കുമെന്നും മുഖ്യ മന്ത്രി പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&

## കേരള നിയമസഭ

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം അടുത്ത മാസം 12 മുതൽ 29 വരെ നടക്കും. പൂജാ അവധിയടക്കം ഒഴിവാക്കി ആകെ ഒൻപത് ദിവസമാണ് സഭ സമ്മേളിക്കുന്നത്. പുതുക്കിയ ബജറ്റിലേയ്ക്കുള്ള വിവിധ വകുപ്പുകളുടെ ഉപ ധനാഭ്യർഥന ചർച്ചയും വോട്ടെടുപ്പും ഒക്ടോബർ 26ന്

നടക്കും. ഒക്ടോബർ 29 ന് ഉച്ചയ്ക്ക് ധനവിനിയോഗ ബില്ലുകൾ സഭ പരിഗണിക്കും.

**&&&&&&&&&&&&&&&&**

**ബാങ്ക് പണിമുടക്ക്**

ഇന്ന് മുതൽ നടത്താനിരുന്ന മൂന്ന് ദിവസത്തെ രാജ്യവ്യാപക ബാങ്ക് പണിമുടക്ക് മാറ്റിവെച്ചതായി ഓൾ ഇന്ത്യ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ അറിയിച്ചു. ബാങ്ക് ജീവനക്കാരുടെ വിവിധ സംഘടനകളുടെ കൂട്ടായ്മയായ യുണൈറ്റഡ് ഫോറം ഓഫ് ബാങ്ക് യൂണിയൻസും ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനും തമ്മിൽ ഇന്നലെ രാത്രി വൈകി നടത്തിയ നിർണ്ണായക ചർച്ചയിലാണ് സമരം മാറ്റിവെക്കാൻ ധാരണയായത്. പണിമുടക്ക് മാറ്റിയതിനാൽ രാജ്യത്തെ ബാങ്കിംഗ് സേവനങ്ങൾ തടസ്സമില്ലാതെ സാധാരണ നിലയിൽ പ്രവർത്തിക്കും.

**&&&&&&&&&&&&&&&&**

**സേവാ സങ്കൽപ് അഭിയാൻ (ഇൻട്രോ)**

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. ഇന്ത്യയുടെ സമുദ്ര ചരിത്രം വ്യക്തമാക്കുന്ന 'നാഷണൽ മാരിടൈം ഹെറിറ്റേജ് ' ആണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്.

**വിശദാംശങ്ങളിലേക്ക്... (വോയ്സ്)**

**സേവാ സങ്കൽപ് അഭിയാൻ (വോയ്സ്)**

ഗുജറാത്തിലെ പുരാതന ഹാരപ്പൻ തുറമുഖ നഗരമായ ലോത്തലിൽ, ഇന്ത്യയുടെ 4,500 വർഷത്തിലേറെ പഴക്കമുള്ള സമുദ്ര ചരിത്രം വ്യക്തമാക്കുന്ന 'നാഷണൽ മാരിടൈം ഹെറിറ്റേജ് കോംപ്ലക്സ്' നിർമ്മിക്കുകയാണ്. 1,238 കോടി രൂപ ചെലവഴിച്ചുള്ള ഒന്നാം ഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു. ലോകത്തിലെ ഏറ്റവും ഉയരമുള്ള ലൈറ്റ്ഹൗസ് മ്യൂസിയം, ഐ.എൻ.എസ് നിഷാങ്ക്, സീ ഹരിയർ വിമാനം, യു.എച്ച്-3

RNU TVPM

ഹെലികോപ്റ്റർ എന്നിവ പ്രദർശിപ്പിക്കുന്ന നേവൽ ഗാലറി ഇതിൻറെ പ്രധാന ആകർഷണങ്ങളാണ്. ഇന്ത്യയുടെ സമുദ്ര ചരിത്രം ഭാവി തലമുറയ്ക്കായി സംരക്ഷിക്കുന്ന ലോകോത്തര സാംസ്കാരിക കേന്ദ്രമായിരിക്കും ഇത്.

**ന്യൂസ് ഡെസ്ക് ആകാശവാണി...**

**&&&&&&&&&&&&&&&&**

**ഉപതിരഞ്ഞെടുപ്പ്**

സംസ്ഥാനത്ത് 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതെരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് പുരോഗമിക്കുന്നു. 38 വാർഡുകളിലായി 126 സ്ഥാനാർത്ഥികളാണ് മത്സര രംഗത്ത്. വോട്ടെടുപ്പ് വൈകിട്ട് 6 മണിയ്ക്ക് അവസാനിക്കും. വോട്ടെണ്ണൽ നാളെ രാവിലെ 10 മണിക്ക് ആരംഭിക്കും.

**&&&&&&&&&&&&&&&&**

**ഓപ്പറേഷൻ - തൂഫാൻ**

RNU TVPM

ഓപ്പറേഷൻ തൂഫാൻ ജന ജാഗ്രത സമിതി സംസ്ഥാനതല ഉദ്ഘാടനം മലപ്പുറം വേങ്ങര മലബാർ കോളേജ് ഗ്രൗണ്ടിൽ ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിച്ചു. തൂഫാൻ പദ്ധതി രണ്ടാം ഘട്ട പ്രഖ്യാപനവും "ഞാൻ എന്റെ നാടിന്റെ കാവലാൾ" പദ്ധതിയുടെ പ്രഖ്യാപനവും, തൂഫാൻ ലഹരി വിരുദ്ധ പ്രതിജ്ഞയും വേങ്ങരയിലെ ആറ് തദ്ദേശ സ്ഥാപനങ്ങളിലെ അധ്യക്ഷൻമാരെ 'തൂഫാൻ വാരിയർ' ഔദ്യോഗിക ബാഡ്ജ് ധരിപ്പിക്കലും നടന്നു.

**&&&&&&&&&&&&&&&&**

**ഇന്ത്യ സെമിയിൽ**

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ ഈഷാ സിങ് 25 മീറ്റർ പിസ്റ്റൾ വിഭാഗത്തിൽ വെള്ളി മെഡലും പിങ്കി ബൽഹാര വനിതകളുടെ റെസ് ലിങ്ങിൽ വെങ്കലവും നേടി. മോശം കാലാവസ്ഥ മൂലം അഫ്ഗാനിസ്ഥാനെതിരായ ക്വാർട്ടർ ഫൈനൽ മത്സരം ഉപേക്ഷിച്ചതിനെ തുടർന്ന് ഇന്ത്യൻ പുരുഷ ക്രിക്കറ്റ് ടീം സെമി ഫൈനലിൽ പ്രവേശിച്ചു. 4 സ്വർണ്ണവും

17 വെള്ളിയും 18 വെങ്കലവും ഉൾപ്പെടെ 39 മെഡലുകളുമായി ഇന്ത്യ മെഡൽ പട്ടികയിൽ നിലവിൽ 12-ാം സ്ഥാനത്താണ്.

**&&&&&&&&&&&&&&&&**

**ദേശീയ ആയുർവേദ ദിനാചരണം**

ദേശീയ ആയുർവേദ ദിനാചരണത്തോടനുബന്ധിച്ച് ഭാരതീയ ചികിത്സാ വകുപ്പും നാഷണൽ ആയുഷ് മിഷനും കോട്ടയം നിയോജകമണ്ഡലത്തിലെ സർക്കാർ ആയുർവേദ സ്ഥാപനങ്ങളും സംയുക്തമായി സംഘടിപ്പിക്കുന്ന 'ആയുർവേദ സ്പെഷ്യാലിറ്റി മെഗാ മെഡിക്കൽ ക്യാമ്പ്' നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ കോട്ടയം ജില്ലാ ആയുർവേദ ആശുപത്രിയിൽ ഉദ്ഘാടനം ചെയ്യു. വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ പരിശോധനയും ചികിത്സയും ക്യാമ്പിൽ ലഭ്യമാകും .

**&&&&&&&&&&&&&&&&**

**പത്തനംതിട്ട (ഇൻട്രോ)**

ഇന്ത്യയിലെ ആദ്യത്തെ ഹെൽത്ത് തീം പാർക്കായ പത്തനംതിട്ട ജില്ലയിലെ പന്തളം കുളനട ആരോഗ്യനികേതനം ഹെൽത്ത് തീം പാർക്ക് സന്ദർശകരുടെ ഇഷ്ട ഇടമാണ്. ജീവിതശൈലി രോഗങ്ങൾക്ക് എതിരെ 30 വർഷമായി പ്രവർത്തിച്ചുവരുന്ന ഇവിടം കുട്ടികളും മുതിർന്നവരും ഒരുപോലെ ഇഷ്ടപ്പെടുന്ന വിനോദവും വിജ്ഞാനവും ആരോഗ്യവും പകർന്നുനൽകുന്ന ഇടമാണ്.

**കൂടുതൽ വിവരങ്ങളുമായി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........ (വോയ്സ്)**

**&&&&&&&&&&&&&&&&**

**ഭഗത് സിംഗ്**

സ്വാതന്ത്ര്യസമര സേനാനിയും വിപ്ലവകാരിയുമായിരുന്ന ഭഗത് സിംഗിൻറെ 119-ാംജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രണാമമർപ്പിച്ചു. അടങ്ങാത്ത ധൈര്യവും വീര്യവും കൊണ്ട് ഭഗത് സിംഗ് സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് പുതിയ ഊർജ്ജം പകരുകയാണുണ്ടായതെന്ന് സാമൂഹിക മാധ്യമ സന്ദേശത്തിൽ

RNU TVPM

അദ്ദേഹം വ്യക്തമാക്കി. ഭഗത് സിംഗിൻറെ അപാരമായ ധൈര്യവും രാജ്യസ്നേഹവും ഇന്നും യുവജനങ്ങൾക്ക് പ്രചോദനമാനിന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് അനുസ്മരിച്ചു.

**&&&&&&&&&&&&&&&&**

**എം.എസ്. സ്വാമിനാഥൻ (ഇൻട്രോ)**

ഇന്ന് എം.എസ്. സ്വാമിനാഥൻ അനുസ്മരണ ദിനം. പട്ടിണിയുടെയും ക്ഷാമത്തിന്റെയും നാളുകളിൽ നിന്ന് ഇന്ത്യയെ ഭക്ഷ്യസ്വയംപര്യാപ്തതയുടെ സമൃദ്ധിയിലേക്ക് കൈപിടിച്ചുയർത്തിയ മഹാനായ ശാസ്ത്രജ്ഞനാണ് ഡോ. മങ്കൊമ്പ് സാമ്പശിവൻ സ്വാമിനാഥൻ എന്ന എം.എസ്. സ്വാമിനാഥൻ.

**ഒരു റിപ്പോർട്ട്....... (വോയ്സ്)**

**എം.എസ്. സ്വാമിനാഥൻ (വോയ്സ്)**

1960-കളിലെ കടുത്ത ഭക്ഷ്യക്ഷാമത്തിൽ നിന്ന് ഉയർന്ന വിളവ് നൽകുന്ന ഗോതമ്പ്, നെല്ല് ഇനങ്ങൾ വികസിപ്പിച്ച് ഇന്ത്യയെ ഭക്ഷ്യസ്വയംപര്യാപ്തതയിലേക്ക് നയിച്ച ദീർഘദർശിയാണ് ഡോ. എം.എസ്. സ്വാമിനാഥൻ. ആലപ്പുഴയിലെ മങ്കൊമ്പിൽ കുടുംബവേരുകളുള്ള അദ്ദേഹം, ഉൽപ്പാദനച്ചെലവിന്റെ 50 ശതമാനം അധികം ചേർത്ത് തറവില നിശ്ചയിക്കണമെന്ന് ശുപാർശ ചെയ്ത ചരിത്രപ്രധാനമായ 'സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലൂടെ' കർഷകക്ഷേമത്തിന് അടിത്തറയിട്ടു. ഭാരതരത്നം, ലോക ഭക്ഷ്യ പുരസ്കാരം ഉൾപ്പെടെയുള്ള ബഹുമതികൾ നേടിയ അദ്ദേഹം, പുരസ്കാരത്തുക ഉപയോഗിച്ച് ചെന്നൈയിൽ 'എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ' സ്ഥാപിച്ച് സുസ്ഥിര കാർഷികവികസനത്തിനായി ജീവിതകാലം മുഴുവൻ പ്രവർത്തിച്ചു.

**ന്യൂസ് ഡെസ്ക്ക് ആകാശവാണി ......**

**&&&&&&&&&&&&&&&&**

**പി.എം - ലതാ മങ്കേഷ്കർ**

പിന്നണിഗായിക ലതാമങ്കേഷ്കറുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു . ആലാപന

RNUTVPM

മികവിലൂടെ രാജ്യത്തിൻറെ യശസ്സ് ലോകമെമ്പാടും ഉയർത്തിയ വ്യക്തിയാണ് ലതാ മങ്കേഷ്കർ എന്ന്, പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു .

&&&&&&&&&&&&&&&&

## സ്വച്ഛതാ ഹി സേവ

സ്വച്ഛതാ ഹി സേവാ 2026 – ശുചിത്വമാണ് സേവനം” ക്യാമ്പയിന്റെ ഭാഗമായി തൊടുപുഴ കെഎസ്ആർടിസി ബസ് സ്റ്റാൻഡ് പരിസരത്ത് നഗരസഭയുടെ നേതൃത്വത്തിൽ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. തൊടുപുഴ കെഎസ്ആർടിസിയുടെയും ശാന്തിഗിരി കോളേജ് എൻഎസ്എസ് വോളണ്ടിയർമാരുടെയും സഹകരണത്തോടെയാണ് ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&

## കണ്ണൂർ ആറളം ഫാം

കണ്ണൂർ ആറളം ഫാമിലെ ആറാം ബ്ലോക്കിലുള്ള മോഴയാനയെ പിടികൂടുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി മന്ത്രി ഷിബു ബേബി ജോൺ. കണ്ണൂർ ഗസ്റ്റ് ഹൗസിൽ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കുങ്കി യാനകളെ ആറളത്ത് എത്തിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ആനകളെ പ്രതിരോധിക്കുന്നതിന് ആനമതിൽ ഒരു ശാശ്വത പരിഹാരം അല്ല എന്നതാണ് ഗവൺമെന്റിന് ലഭിച്ച റിപ്പോർട്ട് എന്നും മന്ത്രി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&

## ഹ്രസ്വ ചിത്രമേള

തിരുവനന്തപുരത്ത് നടക്കുന്ന 18-ാമത് കേരള രാജ്യാന്തര ഡോക്യുമെൻററി ഹ്രസ്വചിത്രമേള ഇന്ന് 4-ാം ദിവസം. പുതുതായി പ്രദർശാനുമതി ലഭിച്ച ചിത്രങ്ങൾ ഉൾപ്പെടെ 65 ചിത്രങ്ങൾ ഇന്ന് വിവിധ വിഭാഗങ്ങളിലായി പ്രദർശിപ്പിക്കുന്നുണ്ട്. മത്സരവിഭാഗത്തിനുപുറമെ ഫോക്കസ്, മലയാളം, ഇൻററനാഷണൽ ഫിക്ഷൻ. ഇൻറർ നാഷണർ നോൺ ഫിക്ഷൻ,

RNU TVPM

ക്യാമ്പസ് ഫിലിംസ്, ഹോമേജ് തുടങ്ങിയ വിഭാഗങ്ങളിലെ ചിത്രങ്ങളുണ്ടാകും.

**&&&&&&&&&&&&&&&&**

<u>ഓഹരി - സ്വർണ്ണം</u>

രാജ്യത്തെ ഓഹരി വിപണികളിൽ ഇടിവ് സെൻസെക്സ് 969 പോയിൻറ് നഷ്ടത്തിൽ 72,926-ലും നിഫ്റ്റി 306 പോയിൻറ് നഷ്ടത്തിൽ 22,834 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവിലയിലും ഇടിവ് . പവന് 1840 രൂപ കുറഞ്ഞു ഒരു ലക്ഷത്തി 10,120 രൂപയും ഗ്രാമിന് 13,765 രൂപയുമാണ് ഇന്നത്തെ വില.

**&&&&&&&&&&&&&&&&**

**&&&&&&&&&&&&&**

**&&&&&&&&&&**

RNU TVPM